## റവന്യൂ വകുപ്പിലെ അധിക തസ്തികകൾ

19 (*409) ശ്രീ. സാജു പോൾ :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ അധിക തസ്തികകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ ; ഇത്തരത്തിൽ എത്ര തസ്തികകളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത അധിക തസ്തികകൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) പൊതുജനങ്ങൾക്ക് വളരെയേറെ ആവശ്യമുള്ള സേവനങ്ങൾ നൽകുന്നതിന് വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ നിർത്തലാക്കുന്നത് പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കുമെന്നറിയാമോ ;

(ഡി) വില്ലേജാഫീസറടക്കം റവന്യൂ വകുപ്പിൽ ആവശ്യത്തിന് തസ്തിക സൃഷ്ടിക്കണമെന്ന് കഴിഞ്ഞ ശമ്പള കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പതിനാലാം ധനകാര്യ കമ്മീഷൻ നിർദ്ദേശത്തിന്റെ ഭാഗമായി ആവശ്യമില്ലാത്തതായി കണ്ടെത്തിയതും അവസാനിപ്പിക്കാൻ തീരുമാനിച്ചതുമായ തസ്തികകൾ എത്രയെന്നറിയിക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) റവന്യൂ വകുപ്പിൽ തുടർച്ചാനുമതി ആവശ്യമായ 4988 തസ്തികകളിൽ 517 തസ്തികകൾ അധിക ജോലിഭാരവും ആവശ്യത്തിന് ജീവനക്കാരില്ലാത്തതുമായ ഇടങ്ങളിലേക്ക് പുനർ വിന്യസിക്കണമെന്ന് ലാന്റ് റവന്യൂ കമ്മീഷണർ 23-3-2015-ൽ ശുപാർശ നൽകിയിട്ടുണ്ട്.

(ബി) നിലവിൽ തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) പൊതുജനങ്ങൾക്ക് മതിയായ സേവനങ്ങൾ നൽകുന്നതിനായി തുടർച്ചാനുമതി നൽകി പ്രവർത്തിച്ചുവരുന്ന 517 താൽക്കാലിക തസ്തികകൾ പുനർവിന്യസിച്ച് നടപടികൾ സ്വീകരിക്കുന്നതിനാണ് ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ സമർപ്പിച്ചിട്ടുള്ളത്.

(ഡി) ഉണ്ട്.

(ഇ) നിലവിൽ റവന്യൂ വകുപ്പിലെ അധിക തസ്തികകൾ നിർത്തലാക്കുന്നതിന് അന്തിമ തീരുമാനം ആയിട്ടില്ല.

## വിദൂര വിദ്യാഭ്യാസ കോഴ്സുകൾ

20 (*410) ശ്രീ. സി. മമ്മൂട്ടി :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. ടി. എ. അഹമ്മദ് കബീർ :

ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദൂര വിദ്യാഭ്യാസ കോഴ്സുകളുടെ കാര്യത്തിൽ സമീപകാലത്ത് യു.ജി.സി. സ്വീകരിച്ച കർശന നിലപാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നടപടി സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളുടെ വിദൂര വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ വിദൂര വിദ്യാഭ്യാസം സംബന്ധിച്ച ചട്ടങ്ങൾ ഒരേ രീതിയിലുള്ളതാണോ; അവ യു.ജി.സി. മാനദണ്ഡങ്ങൾക്കനുസൃതമായിരുന്നോ എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർവ്വകലാശാല നിയമത്തിൽ പരാമർശിച്ചിട്ടുള്ള അധിക പരിധിയ്ക്ക് പുറത്ത് പ്രവർത്തിക്കുന്ന വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾ അടച്ചുപൂട്ടണമെന്ന

LIBRARY ARCHIVES Kerala Legislative Assembly